**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 57** **13-10-2026-ൽ മറുപടിയ്ക്ക്**

**<u>സോളാർ പ്ലാന്റ് സ്ഥാപിച്ചവർക്കുള്ള നെറ്റ് മീറ്റർ</u>**

| **<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>** |
|---|---|
| ശ്രീ. പി. കെ. ഫിറോസ് | ശ്രീ. സണ്ണി ജോസഫ് |
| ശ്രീമതി ഫാത്തിമ തഹിലിയ | (വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ |
| ശ്രീ. കുറുക്കോളി മൊയ്തീൻ | വകുപ്പ് മന്ത്രി) |
| ശ്രീ. പാറക്കൽ അബ്ദുല്ല | |

**(എ)** സോളാർ പ്ലാന്റ് സ്ഥാപിച്ച് മാസങ്ങളായി കാത്തിരിക്കുന്നവർക്ക് നെറ്റ് മീറ്റർ ലഭ്യമല്ലാത്തതിനാൽ പ്ലാന്റിനെ ഗ്രിഡുമായി ബന്ധിപ്പിക്കുവാൻ കഴിയുന്നില്ലെന്ന പരാതി പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** പുരപ്പുറ സോളാർ നിലയങ്ങൾക്കുള്ള നെറ്റ് മീറ്ററിന്റെ ദൗർലഭ്യം പരിഹരിച്ചു വരുന്നു.

നെറ്റ് മീറ്റർ ലഭ്യമാക്കുന്നതിനായുള്ള ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം 82000 സിംഗിൾ ഫേസ് നെറ്റ് മീറ്ററുകൾക്കും 21000 ത്രീ ഫേസ് നെറ്റ് മീറ്ററുകൾക്കും ഓർഡർ നൽകിയിട്ടുണ്ട്. ആയതിൽ 28700 സിംഗിൾ ഫേസ് നെറ്റ് മീറ്ററുകൾ വിതരണത്തിനായി കെ.എസ്.ഇ.ബി-യുടെ വിവിധ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിൽ എത്തിച്ചിട്ടുണ്ട് . മറ്റൊരു 28700 എണ്ണം സിംഗിൾ ഫേസ് നെറ്റ് മീറ്ററുകൾ വിതരണത്തിനായി തയ്യാറായി കൊണ്ടിരിക്കുന്നു. ബാക്കിയുള്ള 24600 സിംഗിൾ ഫേസ് നെറ്റ് മീറ്ററുകൾ നവംബർ മാസത്തോടു കൂടി എത്തിച്ചേരുമെന്ന് പ്രതീക്ഷിക്കുന്നു. അതുപോലെ തന്നെ ആദ്യ ഘട്ടമായി 6300 ത്രീ ഫേസ് നെറ്റ് മീറ്ററുകളും ഒക്ടോബർ മാസം അവസാനത്തോടുകൂടി വിതരണത്തിനായി എത്തിച്ചേരുമെന്ന് പ്രതീക്ഷിക്കുന്നു. ബാക്കി 14700 ത്രീ ഫേസ് മീറ്ററുകൾ ഘട്ടംഘട്ടമായി ലഭ്യമാക്കുന്നതാണ് .

**(ബി)** നെറ്റ് മീറ്റർ സ്ഥാപിക്കുന്നതിനായി ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** പുരപ്പുറ സോളാർ നിലയങ്ങൾക്കുള്ള നെറ്റ് മീറ്ററിന്റെ ദൗർലഭ്യം പരിഹരിച്ചു വരുന്നു.

നെറ്റ് മീറ്റർ ലഭ്യമാക്കുന്നതിനായുള്ള ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം 82000 സിംഗിൾ ഫേസ് നെറ്റ് മീറ്ററുകൾക്കും 21000 ത്രീ ഫേസ് നെറ്റ് മീറ്ററുകൾക്കും ഓർഡർ നൽകിയിട്ടുണ്ട്. ആയതിൽ 28700 സിംഗിൾ ഫേസ് നെറ്റ് മീറ്ററുകൾ വിതരണത്തിനായി കെ.എസ്.ഇ.ബി-യുടെ വിവിധ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിൽ എത്തിച്ചിട്ടുണ്ട് . മറ്റൊരു 28700 എണ്ണം സിംഗിൾ ഫേസ് നെറ്റ് മീറ്ററുകൾ വിതരണത്തിനായി തയ്യാറായി കൊണ്ടിരിക്കുന്നു. ബാക്കിയുള്ള 24600 സിംഗിൾ ഫേസ് നെറ്റ് മീറ്ററുകൾ നവംബർ മാസത്തോടു കൂടി എത്തിച്ചേരുമെന്ന് പ്രതീക്ഷിക്കുന്നു. അതുപോലെ തന്നെ ആദ്യ ഘട്ടമായി 6300 ത്രീ ഫേസ് നെറ്റ് മീറ്ററുകളും ഒക്ടോബർ

മാസം അവസാനത്തോടുകൂടി വിതരണത്തിനായി എത്തിച്ചേരുമെന്ന് പ്രതീക്ഷിക്കുന്നു. ബാക്കി 14700 ത്രീ ഫേസ് മീറ്ററുകൾ ഘട്ടംഘട്ടമായി ലഭ്യമാക്കുന്നതാണ് .

**(സി)** നെറ്റ് മീറ്റർ എന്നത്തേക്ക് പൂർണ്ണമായും സ്ഥാപിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

**മറുപടി:** പുരപ്പുറ സോളാർ നിലയങ്ങൾക്കായി ഓർഡർ നൽകിയിട്ടുള്ള നെറ്റ് മീറ്ററുകളിൽ ഭൂരിഭാഗവും ഒക്ടോബർ മാസം അവസാനം എത്തുമെന്ന് പ്രതീക്ഷിക്കുന്നു. അപ്രകാരം നെറ്റ് മീറ്ററുകൾ ലഭ്യമാകുന്നതോടുകൂടി, പുരപ്പുറ സോളാർ സംവിധാനം ഏർപ്പെടുത്തിയ എല്ലാവർക്കും നെറ്റ് മീറ്റർ വിതരണം ചെയ്യാൻ സാധിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**